(ബി) എങ്കിൽ ഇങ്ങനെ സംഭവിക്കാനുണ്ടായ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഉപഭോക്താക്കളിൽ നിന്നും ഈടാക്കിയ അധിക തുക തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനോടനുബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ആക്സിലറേറ്റഡ് പവർ ഡവലപ്പ്മെന്റ് പ്രോജക്ടിന്റെ ഒരു കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മീറ്ററിന്റെ ആമ്പിയർ റേറ്റിംഗ് അടിസ്ഥാനത്തിൽ വാടക തുക ഈടാക്കുന്ന നടപടിയായിരുന്നു നിലവിലുണ്ടായിരുന്നത്. ഇതനുസരിച്ച് മീറ്ററിൽ കാണിച്ചിരിക്കുന്ന ഉയർന്ന റേറ്റിംഗിന് ബോർഡ് നിയമ പ്രകാരം തുക ഈടാക്കിയതാണ് കാരണം. എന്നാൽ 1-1-2004 മുതൽ സിംഗിൾ ഫേസ് മീറ്ററിന് 10 രൂപയും 3 ഫേസ് മീറ്ററിന് 20 രൂപയും മുൻകാലങ്ങളിലെ പോലെ ഈടാക്കിയാൽ മതി എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഉണ്ട്.

(ഇ) കണ്ണൂർ ഡിവിഷനുകീഴിൽ ഒന്നും, തലശ്ശേരി ഡിവിഷനു കീഴിൽ അഞ്ചും പരാതികൾ ലഭിച്ചു. ഉപഭോക്താക്കളുടെതല്ലാത്ത കാരണങ്ങളാലുള്ള വർദ്ധിച്ച മീറ്റർ ചാർജ് കുറവ് ചെയ്യണം എന്നപേക്ഷിച്ചുകൊണ്ടാണ് പരാതികൾ ലഭിച്ചിട്ടുള്ളത്.

(എഫ്) ആക്സിലറേറ്റഡ് പവർ ഡവലപ്മെന്റ് റിഫോംസ് പ്രോജക്ടിന്റെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു.†

മിനിമം ഗ്യാരണ്ടി പദ്ധതി മുഖേനയുള്ള വൈദ്യുതി കണക്ഷൻ

12 [168] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മിനിമം ഗ്യാരണ്ടി പദ്ധതി മുഖേനയുള്ള എത്ര അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണൂർ ജില്ലയിലെ ഓരോ വൈദ്യുതി സെക്ഷൻ ഓഫീസ് പരിധിയിലും ഏതു കാലയളവുവരെയുള്ള അപേക്ഷകർക്ക് ഈ പദ്ധതി അനുസരിച്ച് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) ബാക്കിയുള്ള അപേക്ഷകർക്ക് സമയബന്ധിതമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 14400

(ബി) ഓരോ വൈദ്യുതി സെക്ഷനിലും നൽകിയ കണക്ഷന്റെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) വൈദ്യുതികണക്ഷൻ നൽകുന്നതിലുള്ള കാലതാമസം ആവുന്നത്ര കുറയ്ക്കുന്നതിന് സാധനസാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ നടപടി എടുത്തിട്ടുണ്ട്.

ഗാർഹിക വൈദ്യുത കണക്ഷൻ

13 [169] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ എത്ര ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ ഓരോ വൈദ്യുതി സെക്ഷൻ ഓഫീസ് പരിധിയിലും എത്ര പുതിയ ഗാർഹിക കണക്ഷനുകൾ ഇക്കാലയളവിൽ നൽകിയിട്ടുണ്ട്;

(സി) കണ്ണൂർ ജില്ലയിലെ ഓരോ വൈദ്യുതി സെക്ഷൻ ഓഫീസ് പരിധിയിലും ഏതു കാലയളവു വരെ അപേക്ഷ നൽകിയവർക്കാണ് വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്ന ബാക്കിയുള്ള അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly